**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2600** **06-10-2025 - ൽ മറുപടിയ്ക്ക്**

**ലോട്ടറി വിൽപ്പനയുടെ ജി. എസ്. ടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ലക്ഷക്കണക്കിന് ആൾക്കാരുടെ ഉപജീവനമാർഗമായ ലോട്ടറി വിൽപ്പനയുടെ ജി. എസ്. ടി. നിരക്ക് നാൽപതു ശതമാനമായി വർദ്ധിപ്പിച്ചതുകാരണം ഈ മേഖലയിൽ ഉണ്ടാകുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെ എങ്ങനെ നേരിടാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ നേരിടുന്നതിന്റെ ഭാഗമായി മറ്റു തൊഴിൽ ചെയ്യാൻ സാധിക്കാത്ത, ജീവനോപാധിയായി ലോട്ടറി വ്യാപാരത്തിൽ ആശ്രയിക്കുന്ന നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിക്കുമെങ്കിലും, ടിക്കറ്റ് വിലയിൽ വർദ്ധനവ് വരുത്താതെ നിലവിലെ നിരക്കിൽ തന്നെ ടിക്കറ്റുകൾ വിൽപ്പന നടത്തുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുക, പൊതുജനങ്ങൾക്ക് അധിക ഭാരമുണ്ടാക്കാതിരിക്കുക എന്നിവയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | 2015-16 മുതൽ 2025-26 വരെ കേരളത്തിൽ ലോട്ടറി വില്പന വഴി ലഭിച്ച വരുന്ന വരുമാനത്തിന്റെ കണക്കുകൾ വാർഷികാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ; | (ബി) | വിശദാംശം ചുവടെ ചേർക്കുന്നു :- |

| ക്രമ നം. | സാമ്പത്തിക വർഷം | റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|---|
| 1 | 2015-16 | 6317.73 |
| 2 | 2016-17 | 7394.91 |
| 3 | 2017-18 | 9034.25 |
| 4 | 2018-19 | 9262.70 |
| 5 | 2019-20 | 9972.09 |
| 6 | 2020-21 | 4910.83 |
| 7 | 2021-22 | 7144.54 |
| 8 | 2022-23 | 11890.96 |
| 9 | 2023-24 | 12529.26 |
| 10 | 2024-25 | 12711.94 |
| 11 | 2025-26 | 7115.88 |

| | | | |
|---|---|---|---|
| | | | ( 27/09/2025 വരെ) |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി പ്രൈസ് ഘടനയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവന്നെന്നും ഇത് വില്പനയെ എപ്രകാരം ബാധിച്ചെന്നും അറിയിക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രതിവാര ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഏകീകരിച്ച് ഒരു കോടി രൂപയായി വർധിപ്പിച്ചു. കൂടാതെ, മറ്റു സമ്മാനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് വരുത്തി. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനങ്ങൾക്കുള്ള വിഹിതം 60% ആയി ഉയർത്തിയിട്ടുണ്ട്. ബമ്പർ ഭാഗ്യക്കുറികൾക്ക് ഒരു ടിക്കറ്റിനു ഒരു രൂപ എന്ന നിരക്കിൽ അധിക സ്പെഷ്യൽ ഇൻസെന്റീവ് നൽകി വരുന്നു. 2023 ലെ വിഷു ബമ്പർ ഭാഗ്യക്കുറി മുതൽ ബമ്പർ ടിക്കറ്റുകളിലെ സമ്മാനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആകെ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി. ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം ഏറ്റവും കുറഞ്ഞത് പത്ത് കോടി രൂപയാക്കി ക്രമീകരിച്ചു. തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനം 25 കോടിയായി വർധിപ്പിച്ചു. |

സെക്ഷൻ ഓഫീസർ